**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4488** **06-03-2023 - ൽ മറുപടിയ്ക്ക്**

**മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | മരവട്ടം–കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും കെ.എസ്.ഇ.ബി.എൽ നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷനിലേക്കുള്ള ലൈനിന്റെ റൂട്ട് അപ്രൂവൽ നൽകിയിട്ടുണ്ട്. ലൈൻ പ്രവൃത്തികൾ എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യുന്നതിനുള്ള നിർദ്ദേശം ഉത്തര മേഖല പ്രസരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.<br><br>സബ്സ്റ്റേഷൻ നിർമ്മാണത്തിനായി മരവട്ടത്ത് 116.19 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്. LARR ആക്ട് പ്രകാരം ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിൻജൻസി ചാർജ്ജ് ആയ 3,12,990 രൂപ 15.09.2021-ലും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ആയ 18,77,935/- രൂപ 13.12.2022-ലും കെ.എസ്.ഇ.ബി റവന്യൂ വകുപ്പിലേക്ക് അടച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് അടച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും അറിയിക്കുമോ; | (ബി) | മരവട്ടം–കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും കെ.എസ്.ഇ.ബി.എൽ നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷനിലേക്കുള്ള ലൈനിന്റെ റൂട്ട് അപ്രൂവൽ നൽകിയിട്ടുണ്ട്. ലൈൻ പ്രവൃത്തികൾ എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യുന്നതിനുള്ള നിർദ്ദേശം ഉത്തര മേഖല പ്രസരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.<br><br>സബ്സ്റ്റേഷൻ നിർമ്മാണത്തിനായി മരവട്ടത്ത് 116.19 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്. LARR ആക്ട് പ്രകാരം ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിൻജൻസി ചാർജ്ജ് ആയ 3,12,990 രൂപ 15.09.2021-ലും |

| | | | |
|---|---|---|---|
| | | | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ആയ 18,77,935/- രൂപ 13.12.2022-ലും കെ.എസ്.ഇ.ബി റവന്യൂ വകുപ്പിലേക്ക് അടച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ 11 കെ.വി. ഫീഡർ പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് മരവട്ടം-കാടാമ്പുഴ സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ